**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** | **26-07-2021 - ൽ മറുപടിയ്ക്ക്**

**പാറോപ്പടി ജലാശയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത്-നിയോജകമണ്ഡലത്തിൽ സ്വകാര്യ/ പൊതു പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കുന്ന വേങ്ങേരി പേരാവൂർ വില്ലേജിലെ പാറോപ്പടി ജലാശയ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ തുടർനടപടികൾ സ്വീകരിക്കുമോ? | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ പാറോപ്പടി ജലാശയ നിർമ്മാണത്തിനായി പദ്ധതികൾ ആരംഭിച്ചിട്ടില്ല. വിനോദസഞ്ചാര വകുപ്പിലേയ്ക്ക് ജില്ലാ കളക്ടർ ചെയർമാനായ DTPC, കോഴിക്കോട് പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടൻറ് തയ്യാറാക്കിയ ഡിസൈനും സാമ്പത്തിക വിശകലനവും ഉൾപ്പെടെയുള്ള കൺസപ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 60 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ടൂറിസം സാധ്യതകൾ പരിശോധിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ